# കാലിക്കറ്റ് സർവകലാശാല
## പബ്ലിക് റിലേഷൻസ് വിഭാഗം

**പത്രക്കുറിപ്പ്**
**2026 നവംബർ 06** **website: uoc.ac.in**

---

### ഡോ. ജോൺ മത്തായി സെന്റർ ഫൗണ്ടേഷൻ ഡേ 2026 ആഘോഷിച്ചു

കാലിക്കറ്റ് സർവകലാശാലാ സാമ്പത്തിക ശാസ്ത്ര വിഭാഗം ഡോക്ടർ ജോൺ മത്തായി സെന്റർ ( അരണാട്ടുകര, തൃശൂർ ) സ്ഥാപകദിന പ്രഭാഷണം സംഘടിപ്പിച്ചു. പരിപാടി സിൻഡിക്കേറ്റംഗവും ഹ്യുമാനിറ്റീസ് ഫാക്കൽറ്റി ഡീനുമായ പ്രൊഫസർ (ഡോ.) കെ. മുഹമ്മദ് ഹനീഫ ഉദ്ഘാടനം ചെയ്തു. പേരാമ്പ്ര ഗവൺമെന്റ് കോളേജിൽ നിന്ന് റിട്ടയർ ചെയ്ത പ്രൊഫസർ കുഞ്ഞിക്കണ്ണൻ അധ്യക്ഷത വഹിച്ചു. ന്യൂ ഡൽഹി എൻ.ഐ.പി.എഫ്.പി., പ്രൊഫസർ (ഡോ.) ലേഖ എസ്. ചക്രവർത്തി "മാക്രോ ഇക്കണോമിക്സ് കാഴ്ചപ്പാടും ധനകാര്യ അപകട സാധ്യതകളും" എന്ന വിഷയത്തിൽ മുഖ്യ പ്രഭാഷണം നടത്തി. സാമ്പത്തിക വളർച്ചയും ധനകാര്യ സുസ്ഥിരതയും ഉറപ്പാക്കുന്നതിന് ധനനയവും പണനയവും തമ്മിലുള്ള ഏകോപനം പ്രാധാന്യം അർഹിക്കുന്നുവെന്ന് പ്രൊഫ. ലേഖ അഭിപ്രായപ്പെട്ടു. അതുകൊണ്ടുതന്നെ, പൊതു നിക്ഷേപത്തിലൂടെ സ്വകാര്യ നിക്ഷേപം പ്രോത്സാഹിപ്പിക്കുക, ധനകമ്മി നിയന്ത്രിക്കുമ്പോൾ സാമൂഹികക്ഷേമ വികസന ചിലവ് സംരക്ഷിക്കുക, സംസ്ഥാനങ്ങളുടെ സാമ്പത്തിക സ്വാതന്ത്ര്യവും ധനകാര്യ ലഭ്യതയും ഉറപ്പാക്കുക എന്നിവയ്ക്ക് ഊന്നൽ നൽകിക്കൊണ്ടുള്ള നയതന്ത്രം അവലംബിക്കേണ്ടതുണ്ടെന്ന് അവർ കൂട്ടിച്ചേർത്തു. പ്രൊഫസർ എം.എ. ഉമ്മൻ, ഡോ. എം. മുനീർ ബാബു, ഡോ. ഷൈജൻ ഡേവിസ് തുടങ്ങിയവർ സംസാരിച്ചു. ചടങ്ങിൽ പ്രൊഫസർ എം.എ. ഉമ്മൻ എൻഡോവ്മെന്റ് അവാർഡ് വിതരണവും നടന്നു.

***ഫോട്ടോ :*** *പ്രൊഫസർ (ഡോ.) ലേഖ എസ്. ചക്രവർത്തി സംസാരിക്കുന്നു.*

***പി.ആർ. 1553/2026***

### ഇലക്ട്രിസിറ്റി വർക്കർ നിയമനം

കാലിക്കറ്റ് സർവകലാശാലാ എഞ്ചിനീയറിങ് വകുപ്പിൽ കരാറടിസ്ഥാനത്തിലുള്ള ഇലക്ട്രിസിറ്റി വർക്കർ നിയമനത്തിന് അപേക്ഷ ക്ഷണിച്ചു. വിജ്ഞാപനം പ്രസിദ്ധീകരിച്ച് 15 ദിവസത്തിനകം ഓൺലൈനായി അപേക്ഷ സമർപ്പിക്കണം. യോഗ്യത: ഇംഗ്ലീഷും മലയാളവും വായിക്കാനും എഴുതാനും കഴിയണം. എട്ടാം ക്ലസ്, വെയർമാൻ ലൈസൻസ് അഭികാമ്യം. ഉയർന്ന പ്രായപരിധി 40 വയസ് (സംവരണ വിഭാഗക്കാർക്ക് നിയമാനുസൃത വയസ്സിളവ് ലഭിക്കും). ഒ.ബി.സി., എൽ.സി. / എ.ഐ. വിഭാഗങ്ങളിലായി ഓരോ എൻ.സി.എ. ഒഴിവ് വീതമാണുള്ളത്. വിശദമായ വിജ്ഞാപനം വെബ്സൈറ്റിൽ.

***പി.ആർ. 1554/2026***

## പരീക്ഷാതീയതിയിൽ മാറ്റം

നവംബർ 09ന് തുടങ്ങാനിരുന്ന ഒന്നാം സെമസ്റ്റർ എം.സി.എ. (2020 സ്കീം - 2022 പ്രവേശനം) സെപ്റ്റംബർ 2026 ഒറ്റത്തവണ റഗുലർ സപ്ലിമെന്ററി പരീക്ഷകൾ ഡിസംബർ 09ന് തുടങ്ങും. വിശദമായ സമയക്രമം പിന്നീട്.

***പി.ആർ. 1555/2026***

## ഒറ്റത്തവണ റഗുലർ സപ്ലിമെന്ററി പരീക്ഷാഫലം

വിദൂര വിഭാഗം ഫൈനൽ ഇയർ / മൂന്നും നാലും സെമസ്റ്റർ എം.എ. ഹിന്ദി (എസ്.ഡി.ഇ. - 2001 സിലബസ് - 2018 പ്രവേശനം) സെപ്റ്റംബർ 2023 ഒറ്റത്തവണ റഗുലർ സപ്ലിമെന്ററി പരീക്ഷകളുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിന് 12 വരെ അപേക്ഷിക്കാം.

***പി.ആർ. 1556/2026***

## പരീക്ഷക്ക് അപേക്ഷിക്കാം

ഒൻപതാം സെമസ്റ്റർ ബി.കോം. എൽ.എൽ.ബി. ഹോണേഴ്സ് (2021 പ്രവേശനം) ഏപ്രിൽ 2026 സെ ( SAY - SAVE A YEAR ) പരീക്ഷകൾക്ക് (പ്രാക്ടിക്കൽ പേപ്പറുകളും ഇന്റേണൽ അസസ്മെന്റും ഒഴികെ) പിഴ കൂടാതെ നവംബർ 17 വരെയും 210 രൂപ പിഴയോടുകൂടി 20 വരെയും അപേക്ഷിക്കാം. ലിങ്ക് നവംബർ 09 മുതൽ ലഭ്യമാകും.

മൂന്നാം സെമസ്റ്റർ എം.ആർക്. ( 2019 സ്കീം - 2023, 2024, 2025 പ്രവേശനം ) ജനുവരി 2027 റഗുലർ / സപ്ലിമെന്ററി പരീക്ഷകൾക്ക് പിഴ കൂടാതെ നവംബർ 19 വരെയും 210 രൂപ പിഴയോടുകൂടി 23 വരെയും അപേക്ഷിക്കാം. ലിങ്ക് നവംബർ 10 മുതൽ ലഭ്യമാകും.

***പി.ആർ. 1557/2026***

## പുനർമൂല്യനിർണയഫലം

നാലാം സെമസ്റ്റർ വിവിധ നാലു വർഷ ബിരുദ പ്രോഗ്രാമുകളുടെ (എഫ്.വൈ.യു.ജി.പി.) ഏപ്രിൽ 2026 പരീക്ഷാ പുനർമൂല്യനിർണയഫലം പ്രസിദ്ധീകരിച്ചു.

***പി.ആർ. 1558/2026***